# ഗവൺമെൻറ് യുപി സ്കൂൾ മേമ്മുറി




## 2025-2026

## അക്കാദമിക മാസ്റ്റർ പ്ലാൻ


ജി യുപിഎസ്
മേമ്മുറി
Proposed School
Building

# ആമുഖം

പാമ്പാക്കുട പഞ്ചായത്തിലെ ഗ്രാമീണമേഖലയായ മേമ്മുറി ഗ്രാമത്തിലാണ് വിദ്യാലയം. ഗ്രാമീണ നിഷ്കളങ്കത നിറഞ്ഞു നിൽക്കുന്ന ഈ പ്രദേശത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ ഏക ആശ്രയമാണ് മേമ്മുറി സ്കൂൾ.

1935 ൽ സ്ഥാപിതമായ വിദ്യാലയത്തിന് ശ്രീ. അച്യുതൻ നായർ ഇളംകുളത്തിൽ ആവശ്യമായ സ്ഥലം സൗജന്യമായി നൽകി. നാട്ടുകാരുടെ സഹകരണത്തോടെ കെട്ടിടം നിർമ്മിച്ച് ഗവൺമെന്റിന് നൽകിയാണ് സ്കൂൾ പ്രവർത്തനം തുടങ്ങിയത്. 2010ൽ പ്രീ പ്രൈമറി വിഭാഗം കൂടി ആരംഭിച്ചു. എൽ.കെ.ജി/യു.കെ.ജി മുതൽ ഏഴാം ക്ലാസ്സു വരെയുള്ള വിദ്യാഭ്യാസം ഒരൊററ കുടക്കീഴിൽ ലഭ്യമാവുന്ന ഗ്രാമീണ വിദ്യാലയം എന്ന പദവി മേമ്മുറി സ്കൂളിന് അവകാശപ്പെട്ടതാണ്. മൂന്ന് കിലോമീററർ ചുററളവിലുള്ള കുട്ടികൾക്ക് യു.പി. വിദ്യാഭ്യാസത്തിന് മററ് സ്കൂളുകൾ നിലവിലില്ല.

എൽ.എസ്.എസ് സ്കോളർഷിപ്പ്, യു.എസ്.എസ് സ്കോളർഷിപ്പ്, ഇൻസ്പെയർ അവാർഡ്, അംബേദ്കർ ടാലന്റ് സ്കോളർഷിപ്പ് മുതലായവ നമ്മുടെ വിദ്യാലയത്തിന് വർഷങ്ങളായി ലഭിച്ചു വരുന്നു. രക്ഷിതാക്കളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും പഞ്ചായത്തിന്റേയും സഹായ സഹകരണങ്ങൾ കൊണ്ട് സ്കൂൾ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്നു. വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി മികച്ച പി.ടി.എ യ്ക്കുള്ള 2012-13 ലെ അവാർഡ് ലഭിച്ചിട്ടുണ്ട്. വിദ്യാലയത്തിന്റെ പടികൾ ഇറങ്ങി ഉന്നത സ്ഥാനങ്ങളിൽ എത്തിയവർ നിരവധിയാണ്. ഇനിയും ഈ വിദ്യാലയത്തെ മികവിന്റെ പടവുകളിലേക്കുയർത്താൻ സാധിക്കുമെന്ന പ്രതീക്ഷയോടെ..

# ഗവൺമെൻറ് യുപി സ്കൂൾ മേമ്മുറി

## LssWinners 2025







**Irne Feby** **Srevya PJ** **Gaadha Vinod**


## നവോദയ വിജയി





**റെയ്സൺകെ എസ്**


**Congratulations**



LOWER AND UPPER PRIMARY SCHOOL MENMURY











# 2024-2025

## മികവുകൾ, നേട്ടങ്ങൾ

ലൈബ്രറി നവീകരണം
ക്യാമ്പസ് ഇംഗ്ലീഷ്
സരൾ ഹിന്ദി
ക്ലാസ്സ് പി.ടി.എ
പച്ചക്കറിത്തോട്ടം
കുട്ടികളുടെ ഭവന സന്ദർശനം
ഗണിതം മധുരം
സ്പോക്കൺ ഇംഗ്ലീഷ്
സ്പോക്കൺ ഹിന്ദി
എന്റെ ഔഷധതോട്ടം
ഹരിത വിദ്യാലയം
പൂർവ്വ വിദ്യാർത്ഥി സംഗമം
പൂർവ്വ അധ്യാപക സംഗമം
വയോധികരെ ആദരിക്കൽ
പ്രതിഭാസംഗമം
മലയാള തിളക്കം
പ്രീ പ്രൈമറി കലോൽസവം
നാട്ടറിവുകൾ പ്രയോജനപ്പെടുത്തൽ
മെഡിക്കൽ ക്യാമ്പ്
പോഷക സമൃദ്ധമായ ഉച്ചഭക്ഷണം
സർഗശേഷി വളർത്തൽ
സബ് ജില്ലാ കലോൽസവത്തിൽ വിജയം
പ്രവൃത്തി പരിചയ പരിശീലനം
കലാശേഷി വളർത്തൽ
സ്കോളർഷിപ്പ് പരിശീലനം
പ്രവൃത്തി പരിചയം, ശാസ്ത്രം,
ഗണിതമേളകളിൽ സബ് ജില്ലയിൽ വിജയം
പഠന യാത്ര
ജൈവ വൈവിധ്യ പാർക്ക്
ചാരിററി ഫണ്ട് ശേഖരണം
അങ്കൻവാടി സന്ദർശനം
എൻഡോവ്മെന്റ് ശേഖരണം
ക്വിസ് മൽസരം,ദിനാചരണം - പോസ്ററർ രചന
പൊതുജനസഹകരണത്തോടെ കമ്പ്യൂട്ടർവാങ്ങൽ
പ്രീ പ്രൈമറി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം

## ലക്ഷ്യങ്ങൾ

1. ഗാന്ധിയൻ ചിന്താഗതിയിലുള്ള ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ ഗുണമേന്മയുള്ള ശിശുസൗഹൃദ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പു വരുത്തുക.

2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

3. എൽ.കെ.ജി മുതൽ ഏഴാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾ ഉറപ്പാക്കുക.

4. കുട്ടികളുടെ സർഗപരവും, അക്കാദമികവും, കായികവുമായ കഴിവ് പ്രോത്സാഹിപ്പിക്കുക.

5. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിൽ മികച്ച ആശയവിനിമയശേഷി കൈവരിക്കുക.

6. എല്ലാ പെൺകുട്ടികൾക്കും ആത്മവിശ്വാസവും പ്രതികരണശേഷിയും, അറിവിന്റെ കരുത്തും, വിമർശനാവബോധവും, വിശകലന ശേഷിയും ഉറപ്പാക്കുക.

7. പൊതുവിദ്യാഭ്യാസത്തെ സംരക്ഷിച്ച് ശക്തിപ്പെടുത്തി വരും തലമുറക്ക് നൽകുക.

8. വിദ്യാഭ്യാസ രംഗത്തിന്റെ ഭൗതിക, അക്കാദമിക, സാംസ്കാരിക ഭാവങ്ങളെ കാലത്തിനനുസരിച്ചും ചരിത്രത്തോടു നീതി പുലർത്തിയും മാററിയെടുക്കുക.

9. എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കി മാററുക.

10. 'ജൻമം കൊണ്ടല്ല കർമ്മം കൊണ്ടാണ് ഒരാൾ മഹാനായി തീരുന്നത്' എന്ന ബോധം ഓരോ കുട്ടിയിലും വളർത്തിയെടുക്കുക.

11. കുട്ടികൾക്കു നേരെ അതിക്രമിച്ചു വരുന്ന അക്രമവാസനക്കും പീഡനത്തിനും എതിരെ നിർഭയം ശബ്ദം ഉയർത്തുവാനും പ്രതികരിക്കുവാനുമുള്ള കഴിവുണ്ടാക്കുക.

12. സ്നേഹത്തോടും ക്ഷമയോടും ആത്മധൈര്യത്തോടും മുന്നോട്ടു കൊണ്ടുപോകേണ്ടതാണ് കുടുംബ ജീവിതം എന്ന തിരിച്ചറിവുണ്ടാക്കുക.

13. കമ്പോള സംസ്കാരത്തിന് അടിമപ്പെടാതെ ജീവിക്കുവാനുള്ള ശേഷി ഉണ്ടാക്കുക.

14. പൊതു സമൂഹത്തിലെ നൻമതിൻമകളെ തിരിച്ചറിയുന്ന വരുംതലമുറയെ സൃഷ്ടിക്കുക.

15. വിവര സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുണ്ടാക്കുക.

16. അന്ധവിശ്വാസം, അനാചാരം ഇവയെ തിരിച്ചറിഞ്ഞ് വളർന്നു വരാനുള്ള കഴിവുണ്ടാക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. കുട്ടികൾക്കെല്ലാവർക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരം ലഭ്യമാക്കുക.

2. അവസരതുല്യത, സാമൂഹ്യ നീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠനാന്തരീക്ഷവും വികസിപ്പിക്കുക.

3. പാഠ്യ പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക.

4. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുന്നതിനുള്ള സാഹചര്യം ഒരുക്കുക.

5. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കുക.

6. ലോകത്ത് എവിടേയും സമാന പ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടാനുണ്ട് എന്ന് ഉറപ്പാക്കുക.

7. പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കുക.

8. മദ്യത്തിനും മയക്കുമരുന്നിനുമെതിരായ മനോഭാവം പുതു തലമുറയിൽ വളർത്തുക.

## പദ്ധതി രൂപീകരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതികം അക്കാദമികം സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ.

3. കരട് രൂപരേഖ SRG, SMC, PTA, MPTA, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശിൽപശാലയിൽ അവതരിപ്പിക്കൽ.

4. ശിൽപശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിചേർക്കൽ.

5. പി.ടി.എ നേതൃത്വത്തിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

6. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി രൂപരേഖ തയ്യാറാക്കൽ.

# നിലവിലെ അവസ്ഥാ വിശകലനം

എ. ഭൗതികം - നേട്ടങ്ങൾ

എം.എൽ.എ ഫണ്ട്, എസ്.എസ്.എ ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി അഞ്ച് ക്ലാസ്സ് മുറികളുള്ള ഒരു മന്ദിരം പി.ടി.എ യുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചു. പ്രസ്തുത മന്ദിരത്തിലെ ഒരു ക്ലാസ്സ് സ്മാർട്ട് ക്ലാസ്സ് റൂമായി പ്രവർത്തിക്കുന്നു.

ബി. ഭൗതികം - പരിമിതികൾ

ഓഫീസ്, സ്റ്റാഫ് റൂം, ഭോജനശാല എന്നിവയ്ക്ക് മതിയായ സൗകര്യങ്ങളുള്ള കെട്ടിടങ്ങൾ നിലവിലില്ല. ശൗചാലയം ആധുനിക രീതിയിലുള്ളതല്ല. ചുററുമതിൽ പൂർണ്ണമല്ല. ആകർഷകമായ രീതിയിൽ പൂന്തോട്ടം നിർമ്മിക്കേണ്ടതുണ്ട്. ജലലഭ്യത നിലവിലുള്ള സ്കൂളായതുകൊണ്ട് ഒരു നീന്തൽകുളം നിർമ്മിക്കേണ്ടതാണ്.

സി. അക്കാദമികം - നേട്ടങ്ങൾ

എൽ.എസ്.എസ്/യു.എസ്.എസ് പരീക്ഷകളിൽ കുട്ടികൾ വിജയിക്കുന്നു. ഇൻസ്പെയർ അവാർഡ്, അയ്യൻകാളി ടാലന്റ് സ്കോളർഷിപ്പ് എന്നിവ കുട്ടികൾക്ക് ലഭിച്ചിട്ടുണ്ട്. ഇംഗ്ലീഷ് പഠനത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്. ഓരോ ദിവസവും ഒരു മണിക്കൂർ വീതം സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ നടത്തിവരുന്നു. വിവര സാങ്കേതികവിദ്യക്ക് പ്രാധാന്യം നൽകിയാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ദിവസവും ഒരു മണിക്കൂർ സ്കൂൾ ലൈബ്രറിയിൽ ചെലവഴിക്കുന്നു.

ഡി. അക്കാദമികം - പരിമിതികൾ

വിവിധ മൽസര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്. സ്കൂൾ ഗ്രന്ഥശാല നവീകരിക്കണം. ലബോറട്ടറികൾ ആധുനികവൽക്കരിക്കണം. ക്ലാസ്സ് ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല. കലാകായിക പഠനത്തിന് അധ്യാപകരുടെ സേവനം ലഭ്യമല്ല. ഐ.ടി പഠനത്തിന് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി പ്രൊജക്ടർ, പ്രിന്റർ എന്നിവ കൂടുതൽ ആവശ്യമാണ്. ഹെഡ്മാസ്ററർ പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായതുകൊണ്ട് സ്കൂൾ പ്രവർത്തനങ്ങൾക്ക് ഒരു അധ്യാപകന്റെ സേവനം ആവശ്യമാണ്.

### ഇ. സാമ്പത്തികം - നേട്ടങ്ങൾ

എസ്.എസ്.എ ഫണ്ട്, . പഞ്ചായത്ത് വിഹിതം എന്നിവ പരിമിതമാണെങ്കിലും സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടത്തുവാൻ കഴിയുന്നു.

### എഫ്. സാമ്പത്തികം - പരിമിതികൾ

സ്കൂൾ ഉച്ചഭക്ഷണം പോഷകസമൃദ്ധമായി വിതരണം ചെയ്യുവാനുള്ള സാമ്പത്തികം ലഭ്യമല്ല. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കാവസ്ഥയിലുള്ള കുട്ടികളായതുകൊണ്ട് വാഹന സൗകര്യത്തിന് ആവശ്യമായ തുക കണ്ടെത്തണം. ഐ.ടി പഠനത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ നിലവിലില്ല. അവ വാങ്ങുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാകണം. കലാ കായിക പ്രതിഭകളെ മൽസരങ്ങളിൽ പങ്കെടുപ്പിക്കുന്നതിനും, പരിശീലനത്തിനും ആവശ്യമായ സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തണം. സ്കൂൾ ശുചീകരണത്തിന് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിന് നിലവിലുള്ള ഫണ്ട് അപര്യാപ്തമാണ്.

## മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

| ഹ്രസ്വകാലം | മധ്യകാലം | ദീർഘകാലം |
|---|---|---|
| പൂർവ്വ വിദ്യാർഥി സംഗമങ്ങൾ | മൈതാന നിർമ്മാണം | ബഹുനിലമന്ദിര നിർമ്മാണം |
| പൂർവ്വ അധ്യാപക സംഗമങ്ങൾ | പൂന്തോട്ട നിർമ്മാണം | നീന്തൽ കുള നിർമ്മാണം |
| സൻമാർഗപാഠക്ലാസുകൾ | ചുററുമതിൽ നിർമ്മാണം | ഡൈനിംഗ് ഹാൾ |
| വ്യക്തിത്വ വികസന ക്ലാസുകൾ | ഹൈടെക് പ്രീ പ്രൈമറി | സ്കൂൾ വാഹനം |
| യോഗ പരിശീലനം | കിഡ്സ് പാർക്ക് നവീകരണം | ജൈവ വൈവിധ്യപാർക്ക് |
| മാതൃഭാഷയിലെ വിവിധ | കവാടം, പടിപ്പുര | പച്ചക്കറിത്തോട്ടം |
| ശേഷികളുടെ വികാസം | ഹൈടെക് ഗ്രന്ഥശാല | ഔഷധത്തോട്ടം |
| സാഹിത്യകാരൻമാരുമായി | ഗണിത ലാബ് സജ്ജീകരണം | |
| അഭിമുഖം | ഗണിത മ്യൂസിയം | |
| ദിനാചരണങ്ങൾ | സാമൂഹ്യശാസ്ത്ര ലാബ് | |
| വായന, ലേഖന പരിപോഷണം | ബുള്ളററിൻ ബോർഡ് | |
| ഇംഗ്ലീഷ് അസംബ്ലി | മോക് പാർലമെന്റ് | |
| ഇംഗ്ലീഷ് മാഗസിൻ | ചരിത്ര കലണ്ടർ | |
| ഗ്രാമർ സ്കൂൾ | ചരിത്ര യാത്ര | |
| ഇംഗ്ലീഷ് കോർണർ | മെഡിക്കൽ ക്യാമ്പ് | |
| ക്യാമ്പസ് ഇംഗ്ലീഷ് | സയൻസ് ലാബ് നവീകരണം | |
| ഇംഗ്ലീഷ് തിയേറ്റർ | | |
| ഇംഗ്ലീഷ് ഡയറി | | |
| ഹിന്ദി ഭാഷാപഠനം | | |
| (വായന, ലേഖനം) | | |
| ഹിന്ദി ആസ്വാദനം | | |
| ഹിന്ദി ദിനാചരണം | | |
| ഹിന്ദി അസംബ്ലി | | |
| വിവരസാങ്കേതിക വിദ്യ | | |
| ഹിന്ദിയിലൂടെ | | |
| ഗണിതം മധുരം | | |
| ഗണിത മാഗസിൻ | | |
| മാന്ത്രിക ചതുരം | | |
| ചരിത്ര നാടകം | | |
| ചരിത്ര ക്വിസ് | | |
| ലൈബ്രറി കോർണർ | | |
| എന്റെ പരീക്ഷണശാല | | |
| പോഷകാഹാര പരിപാടി | | |
| ശാസ്ത്രക്ലബ് | | |
| പഠനയാത്രകൾ | | |
| ശാസ്ത്രമാജിക് | | |
| നാട്ടുരുചി | | |
| ശാസ്ത്രപ്രതിഭാ പോഷണം | | |
| CWSN കുട്ടികളുടെ | | |
| സർവ്വതോൻമുഖമായ വികസനം | | |
| ലഹരിവിമുക്ത ഗ്രാമം | | |

പ്രവർത്തനം : 1

പേര് : ബഹുനിലമന്ദിര നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | ഹൈടെക് ക്ലാസ്സ്മുറികൾ, ഹെഡ്മാസ്ററർ റൂം, സ്ററാഫ് റൂം എന്നിവയുടെ നിർമ്മാണം | അഞ്ച് വർഷം | പി.ടി.എ, എൽ.എസ്.ജി.ഡി | 50 ലക്ഷം (ഗവൺമെന്റ്) |

പ്രവർത്തനം : 2

പേര് : നീന്തൽക്കുള നിർമ്മാണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ കുട്ടികൾക്കും പൊതുജനങ്ങൾക്കും നീന്തൽ പരിശീലനം | ജലലഭ്യതയുള്ള പഞ്ചായത്തിലെ ഏക വിദ്യാലയമാണ്. കിണറിനോട് ചേർന്നുള്ള സ്കൂൾ സ്ഥലത്ത് നീന്തൽക്കുളം നിർമ്മിക്കുക | രണ്ട് വർഷം | പി.ടി.എ, എൽ.എസ്.ജി.ഡി | 5ലക്ഷം (എൽ.എസ്.ജി.ഡി) |